**തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന**

(കുടുംബവർഷത്തിൽ കുടുംബങ്ങളിൽ പ്രാർത്ഥിക്കാനുള്ളത്)

ഈശോ, മറിയം, യൗസേപ്പേ,
യഥാർത്ഥ സ്നേഹത്തിന്റ തിളക്കം
നിങ്ങളിൽ ഞങ്ങൾ ധ്യാനിക്കുന്നു.
ശരണത്തോടെ നിങ്ങളിലേക്ക് ഞങ്ങൾ തിരിയുന്നു.

നസറത്തിലെ തിരുക്കുടുംബമേ,
ഞങ്ങളുടെ കുടുംബങ്ങൾ കൂട്ടായ്മയുടെയും പ്രാർത്ഥനയുടെയും സ്ഥലങ്ങളാകാനും
സുവിശേഷത്തിന്റെ സവിശേഷ വിദ്യാലയങ്ങളാകാനും
കൊച്ചു ഗാർഹികസഭകളാകാനും അനുഗ്രഹിക്കണമേ.

നസറത്തിലെ തിരുക്കുടുംബമേ,
കുടുംബങ്ങൾ ഇനിയൊരിക്കലും
അക്രമവും അവഗണനയും വിഭാഗീയതയും അനുഭവിക്കാൻ ഇടയാകാതിരിക്കട്ടെ.
വ്രണിതരും അപമാനിതരുമായ എല്ലാവരും ഉടൻ ആശ്വാസവും സൗഖ്യവും പ്രാപിക്കട്ടെ.

നസറത്തിലെ തിരുക്കുടുംബമേ,
കുടുംബത്തിന്റെ പവിത്രതയും അലംഘനീയതയും
ദൈവിക പദ്ധതിയിലുള്ള അതിന്റെ സൗന്ദര്യവും
ഞങ്ങളെ വീണ്ടും ഓർമ്മിപ്പിക്കണമേ.

ഈശോ, മറിയം, യൗസേപ്പേ,
കരുണയോടെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ആമ്മേൻ

+ ഫ്രാൻസിസ് മാർപാപ്പ